(സി) മരം കയറ്റ തൊഴിലിനിടയിൽ അപകടം സംഭവിച്ച് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്ന തൊഴിലാളികൾക്ക് 25,000 രൂപയും മരണം സംഭവിക്കുകയാണെങ്കിൽ ആശ്രിതർക്ക് 50,000 രൂപയും എക്സ്ഗ്രേഷ്യാ ധന സഹായമായി നൽകി വരുന്നു.

തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ക്ഷേമനിധിയും ഇൻഷ്വറൻസ് പരിരക്ഷയും

55 (5460) ശ്രീ. കെ. ബി. ഗണേഷ്കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തെങ്ങുകയറ്റത്തൊഴിലാളികളുടെ രൂക്ഷമായ അഭാവം പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) തെങ്ങുകയറ്റത്തൊഴിലാളികൾക്ക് യാതൊരുതരത്തിലുള്ള ആനുകൂല്യങ്ങളും ലഭിക്കാത്തതുമൂലം ഈ തൊഴിൽ ഉപേക്ഷിച്ചുപോകുന്ന സാഹചര്യം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) തെങ്ങുകയറ്റത്തൊഴിലാളികൾ ജോലിയിലേർപ്പെട്ടിരിക്കെ അപകടത്തിൽപ്പെടുമ്പോൾ യാതൊരുവിധ സഹായങ്ങളും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ക്ഷേമനിധി, ഇൻഷ്വറൻസ് പരിരക്ഷ, അപകടത്തിൽപ്പെട്ട് തളർന്നുകിടക്കുന്നവർക്ക് അഞ്ച് ലക്ഷം രൂപ ആനുകൂല്യം എന്നിവ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഈ നടപടികൾ തെങ്ങു കയറ്റ തൊഴിലാളികൾ ഈ രംഗത്ത് തുടരുന്നതിനും അവരുടെ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഉതകുമെന്നു പ്രതീക്ഷിക്കുന്നു.

(ബി) തെങ്ങുകയറ്റത്തൊഴിലാളികൾക്ക് 1991-ലെ കേരള കൈത്തൊഴിലാളി-വിദഗ്ധതൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമായി ചേർന്ന് ആനുകൂല്യങ്ങൾ നേടാവുന്നതാണ്. തെങ്ങുകയറ്റ തൊഴിലിനിടെയുണ്ടാകുന്ന അപകടംമൂലം സ്ഥായിയായ അംഗവൈകല്യമോ മരണമോ സംഭവിച്ചാൽ ധനസഹായം നൽകുന്നതിന് എക്സ്ഗ്രേഷ്യാ ധനസഹായ പദ്ധതി നിലവിലുണ്ട്.

(സി) മരം കയറ്റ തൊഴിലിനിടയിൽ അപകടം സംഭവിച്ച് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്ന തൊഴിലാളികൾക്ക് 25,000 രൂപയും മരണം സംഭവിക്കുകയാണെങ്കിൽ ആശ്രിതർക്ക് 50,000 രൂപയും എക്സ്ഗ്രേഷ്യാ ധനസഹായമായി നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തെങ്ങുകയറ്റത്തൊഴിലാളികൾക്ക് 1991-ലെ കേരള കൈത്തൊഴിലാളി-വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമായി ചേർന്ന് ആനുകൂല്യങ്ങൾ നേടാവുന്നതാണ്. തെങ്ങുകയറ്റ തൊഴിലിനിടെയുണ്ടാകുന്ന അപകടംമൂലം സ്ഥായിയായ അംഗവൈകല്യമോ മരണമോ സംഭവിച്ചാൽ ധനസഹായം നൽകുന്നതിന് എക്സ്ഗ്രേഷ്യാ ധനസഹായ പദ്ധതി നിലവിലുണ്ട്. ഇവർക്കുള്ള ഇൻഷ്വറൻസ് ആനുകൂല്യം പുതുക്കി നിശ്ചയിക്കുന്ന കാര്യം തദ്ദേശസ്വയംഭരണ വകുപ്പ് പരിഗണിച്ചുവരുന്നുണ്ട്.

തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ക്ഷേമനിധിയും ക്ഷേമപദ്ധതികളും

56 (5461) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര തെങ്ങുകയറ്റത്തൊഴിലാളികൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ക്ഷേമനിധിയും ക്ഷേമപദ്ധതികളും നിലവിലുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) തെങ്ങുകയറ്റത്തൊഴിലാളികളുടെ ആനുപാതിക കുറവ് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് ചെയ്യാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇതുസംബന്ധിച്ച കൃത്യമായ കണക്ക് തൊഴിൽ വകുപ്പിൽ ലഭ്യമല്ല.

(ബി&സി) ഇവർക്ക് പ്രത്യേകമായി ക്ഷേമനിധിയും ക്ഷേമപദ്ധതിയും നിലവിലില്ല. എന്നാൽ 1991-ലെ കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ ഇവർക്ക് അംഗമാകാവുന്നതാണ്. കൂടാതെ കേരള അസംഘടിത തൊഴിലാളി ക്ഷേമപെൻഷൻ പദ്ധതിയിലും മരം കയറ്റ തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. മരം കയറ്റ തൊഴിലിനിടയിൽ മരത്തിൽ നിന്നും വീണ് അപകടം പറ്റുന്നവർക്ക് 25,000 രൂപയും മരണമടയുന്നവരുടെ ആശ്രിതർക്ക് 50,000 രൂപയും നൽകുന്ന പദ്ധതി നിലവിലുണ്ട്.

(ഡി) ഇക്കാര്യത്തിൽ പ്രത്യേകിച്ച് നടപടികളൊന്നും തന്നെ തൊഴിൽ വകുപ്പ് സ്വീകരിച്ചിട്ടില്ല. എന്നാൽ ഇവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി ഒരു പദ്ധതി രൂപീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly